**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3652** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. നഷ്ടം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായി ഉണ്ടാകുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് കാരണം കെ.എസ്.ആർ.ടി.സി. യ്ക്ക് ദൈനംദിനം എന്തെല്ലാം നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | Fleet-ന്റെ 98 ശതമാനത്തിലേറെ ഡീസൽ ബസ്സുകളുമായി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.യെ പെട്രോൾ, ഡീസൽ വിലയിലുണ്ടാകുന്ന നേരിയ വർദ്ധനവുപോലും സാരമായി ബാധിക്കുന്നതാണ്.<br><br>നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിദിനം ശരാശരി 3.30 ലക്ഷം ലിറ്റർ ഡീസലാണ് ആവശ്യമുള്ളത്. ഒരു ലിറ്റർ ഡീസലിന് ഓരോ രൂപ വർദ്ധിയ്ക്കുമ്പോൾ ദൈനംദിനം 3.30 ലക്ഷം രൂപ വരെ ഡീസൽ വാങ്ങുന്ന വകയിൽ അധിക ചെലവ് ഉണ്ടാകുന്നതാണ്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ ബൾക്ക് പർച്ചെയ്സർ വിഭാഗങ്ങൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതിനെ തുടർന്ന് കോർപ്പറേഷൻ വിപണി വിലയേക്കാൾ അധികം തുക നൽകി ഡീസൽ വാങ്ങാൻ നിർബന്ധിതമാകുകയുണ്ടായി. ടി പ്രതിസന്ധി കെ.എസ്.ആർ.ടി.സി.യുടെ ഇന്ധന പമ്പുകളായ യാത്രാ ഫ്യൂവൽസ്, മറ്റ് പൊതുമേഖലാ, സ്വകാര്യ പമ്പുകൾ എന്നിവിടങ്ങളിൽ നിന്നും ഡീസൽ ലഭ്യമാക്കി കോർപ്പറേഷൻ തരണം ചെയ്തുവരുന്നു. ഇതിനുപുറമെ ഇലക്ട്രിക്, ഹരിത ഇന്ധന ബസ്സുകളുൾപ്പെടെയുള്ളവ നിരത്തിലിറക്കിയും ഇന്ധന ചെലവ് ക്രമീകരിച്ചും പെട്രോൾ, ഡീസൽ വില വർദ്ധനവ് നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>അടിക്കടി ഉണ്ടാകുന്ന ഇന്ധന വില വർദ്ധനവ് പരിഹരിക്കുന്നതിന് പുതിയ ഇലക്ട്രിക് / സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനും നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യും ഇന്ധന ചെലവ് കുറയ്ക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ |

| | | | |
|---|---|---|---|
| | | | കെ.എം.പി.എൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ ഇത്തരത്തിൽ വർദ്ധനവിന്റെ ഭാരം കെ.എസ്.ആർ.ടി.സി. യ്ക്ക് വഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | 01/6/2021 മുതൽ 2022 ഫെബ്രുവരി വരെ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിക്കുന്ന ഡീസൽ വിലയിൽ 6 തവണ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022 മാർച്ച് മുതൽ കെ.എസ്.ആർ.ടി.സി. ഏകദേശം പൂർണ്ണമായും പൊതുവിപണി വിലയ്ക്കാണ് ഡീസൽ ലഭ്യമാക്കിവരുന്നത്.<br><br>2022 ഫെബ്രുവരി മാസത്തിനു ശേഷം പൊതു വിപണിയിൽ 14 തവണ ഡീസൽ വിലയിൽ വർദ്ധനവ് വന്നിട്ടുണ്ട്. 22/05/2022-നു ശേഷം പൊതുവിപണിയിൽ ഡീസൽ വില വർദ്ധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ